**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 461** **17-09-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ കടം തിരിച്ചടവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ കടം തിരിച്ചടവ് ഇനത്തിൽ അടുത്ത 5 വർഷം എത്ര രൂപയുടെ ബാധ്യതയാണ് തിരിച്ചടക്കേണ്ടതായിട്ടുള്ളത്; ഏതെല്ലാം ഏജൻസികൾക്ക്, പ്രതിവർഷം എത്ര രൂപ വീതമാണ് തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത്; ഓരോന്നിന്റെയും പലിശ നിരക്ക് എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തിന്റെ പൊതു കടത്തിൽ ആഭ്യന്തര വിപണിയിൽ നിന്നുമുള്ള വായ്പകളും വിദേശ വായ്പകളും ഉൾപ്പെടും. വിദേശ വായ്പകളുടെ തിരിച്ചടവിൽ currency exchange rate –ൽ ഉണ്ടാകുന്ന fluctuation –ന് വിധേയമായി മാറ്റങ്ങൾ സംഭവിക്കും. അതുകൊണ്ട് ഓരോ കാലയളവിലെയും ആകെ തിരിച്ചടവ് തുക കൃത്യമായി തിട്ടപ്പെടുത്തുക പ്രായോഗികമല്ല. ഓരോ വായ്പയുടെയും തിരിച്ചടവ് കാലാവധിയും പലിശയും വ്യത്യസ്തമാണ്. |
| (ബി) | കിഫ്ബി, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്നിവ കൂടാതെ ഏതെല്ലാം സ്ഥാപനങ്ങൾ സർക്കാർ ഗ്യാരന്റിയിൽ വായ്പ എടുത്തിട്ടുണ്ട്; പ്രസ്തുത സ്ഥാപനങ്ങൾ ആകെ എത്ര രൂപ വായ്പയായി കൈപ്പറ്റിയിട്ടുണ്ട്; അടുത്ത 5 വർഷം എത്ര രൂപയുടെ ബാധ്യതയാണ് ഈ സ്ഥാപനങ്ങളെല്ലാംകൂടി തിരിച്ചടക്കേണ്ടതായിട്ടുള്ളത്; ഏതെല്ലാം സ്ഥാപനങ്ങൾക്ക്, പ്രതിവർഷം എത്ര രൂപ വീതമാണ് തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത്; ഓരോന്നിന്റെയും പലിശ നിരക്ക് എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | സഹകരണ ബാങ്കുകളും സൊസൈറ്റികളും, പൊതുമേഖലാ സ്ഥാപനങ്ങളും മറ്റ് സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളും സർക്കാർ ഗ്യാരന്റി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. സർക്കാർ നൽകുന്ന ഗ്യാരന്റി പൂർണ്ണമായും വിനിയോഗിച്ച് എല്ലാ സ്ഥാപനങ്ങളും വായ്പയെടുക്കാറില്ല. ബന്ധപ്പെട്ട സ്ഥാപനങ്ങൾ ആവശ്യകതയ്ക്ക് അനുസരിച്ചാണ് സർക്കാർ ഗ്യാരന്റി ഉപയോഗപ്പെടുത്താറുള്ളത്. 31.03.2024 –ൽ outstanding guarantee 6286814.65 ലക്ഷം രൂപയാണ്. ഗ്യാരന്റിയുടെ പിൻബലത്തിൽ സ്ഥാപനങ്ങളെടുക്കുന്ന വായ്പകളുടെ terms and conditions ഓരോ വായ്പയ്ക്കും വ്യത്യസ്തമായിരിക്കും. |
| (സി) | ഈ സ്ഥാപനങ്ങൾ ഓരോന്നിനും എത്ര രൂപയുടെ സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ട്; ഇതിൽ സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കുമെന്ന് വ്യക്തമാക്കപ്പെട്ട ബാധ്യത എത്രയാണ്; വ്യക്തമാക്കുമോ? | (സി) | സർക്കാർ ഗ്യാരന്റിയിന്മേൽ വിവിധ സ്ഥാപനങ്ങളെടുക്കുന്ന വായ്പകളെ contingent liability ആയി മാത്രമേ കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. ഇതിന് കടകവിരുദ്ധമായ സമീപനം കേന്ദ്രസർക്കാർ സ്വീകരിക്കുന്നുവെന്നത് വസ്തുതയാണ്. കിഫ്ബി, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് മുതലായ പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങളുടെ കടം സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കി 2021-22 സാമ്പത്തിക വർഷം എടുത്ത തുക നാലു |

| | | | |
|---|---|---|---|
| | | | തവണകളായി 2022-23 –ൽ 3140.70 കോടി രൂപയും 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിൽ 4711.50 കോടി രൂപയും സംസ്ഥാനത്തിന്റെ കടമെടുപ്പിൽ നിന്നും കേന്ദ്ര സർക്കാർ കുറച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത സ്ഥാപനങ്ങൾ 2022-23, 2023-24, 2024-25 എന്നീ സാമ്പത്തിക വർഷങ്ങളിൽ എടുത്തതായി റിപ്പോർട്ട് ചെയ്ത യഥാക്രമം 6708.91, 4687.79, 983.09 കോടി രൂപയും കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് 2025-26 –ൽ എടുക്കുമെന്ന് കണക്കാക്കുന്ന 2000 കോടി രൂപയും നടപ്പ് വർഷം കടമെടുപ്പിൽ കുറവ് വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ